ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്ത് പുതിയ കന്നുകാലി പ്രജനന നയവും രൂപീകരിച്ചിട്ടുണ്ട്. മുട്ട, ഇറച്ചി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണവകുപ്പ്, സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ എന്നിവ മുഖേന താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

1. എഗ്ഗർ നേഴ്സറി.
2. വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശക്തിപ്പെടുത്തുക.
3. കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് മുട്ടക്കോഴികളെയും താറാവുകളെയും വിതരണം ചെയ്യുക.
4. സ്റ്റെപ്പ് 2003.
5. സ്റ്റെപ്പ് 2005.
6. എസ്.ജി.എസ്.വൈ., ആർ.എസ്.ജി.വൈ.മുഖേനയുള്ള പദ്ധതികൾ.
7. ഫാഗ് ഷിപ്പ്.
8. മാംസത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആടുവളർത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ, ടർക്കികോഴി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിച്ചു വരുന്നു.

(ബി) ഉണ്ട്. പാലുല്പാദനത്തിൽ 7.85 ശതമാനവും മുട്ടയുല്പാദനത്തിൽ 15.35 ശതമാനവും വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മിൽമ പാലിന്റെ വില്പന വില ലിറ്ററൊന്നിന് 15 രൂപയും കോഴിമുട്ട ഒന്നിന് 1.93 രൂപയും ആയിരുന്നു. ഇപ്പോൾ ഇത് യഥാക്രമം 2-ം, 2.50 രൂപയുമാണ്.

## മൃഗസംരക്ഷണമേഖലയ്ക്കുള്ള ബജറ്റ് വിഹിതം

154 [1458] ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
,, എം.കെ. പ്രേംനാഥ് :
,, കെ. പി. മോഹനൻ :
,, ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണമേഖലയ്ക്കായി പദ്ധതിയിനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) വകയിരുത്തിയ തുകയിൽ എത്ര ശതമാനം വീതമാണ് ചെലവഴിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മൃഗസംരക്ഷണ വകുപ്പിന് നടപ്പുസാമ്പത്തിക വർഷം നബാർഡ് സഹായ പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് അർദ്ധ വാർഷിക ചെലവ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പദ്ധതിയിനത്തിൽ താഴെപ്പറയുന്ന പ്രകാരമാണ് തുക വകയിരുത്തിയത്.

| വർഷം | തുക |
|---|---|
| 2005-06 | 5,100.00 ലക്ഷം രൂപ |
| 2006-07 | 4,746.19 ലക്ഷം രൂപ |
| 2007-08 | 5,394.81 ലക്ഷം രൂപ |

(ബി)

| വർഷം | ശതമാനം |
|---|---|
| 2005-06 | 87.48 |
| 2006-07 | 81.41 |
| 2007-08 | .75 |

(സി) 200 ലക്ഷം രൂപ.

(ഡി) നബാർഡ് സഹായ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകാത്തതിനാൽ തുകയൊന്നും ഇതുവരെ ചെലവായിട്ടില്ല.

അടുക്കളമുറ്റത്തൊരു കോഴി പദ്ധതി

155 [1459] ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുക്കളമുറ്റത്തൊരു കോഴി പദ്ധതിപ്രകാരം കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ;

(ബി) വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങളിൽ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന രോഗം കാരണം ചത്തുപോയ കോഴിക്കുഞ്ഞുങ്ങൾ എത്ര;

(സി) കോളിബാസിലോയിഡ് എന്നത് കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന രോഗമാണോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോഴിക്കുഞ്ഞുങ്ങളുടെ സ്വാഭാവിക മരണനിരക്ക് എത്ര ;

LIBRARY ARCHIVES Kerala Legislative Assembly